

ശാന്താദേവി കോഴിക്കോട് വെള്ളിമാട് കുന്നിലെ വൃദ്ധസദനത്തിൽ

NOISE

പ്രേംചന്ദ്

# കോലാട്

"ഞാൻ ആയിരം രൂപ അഡ്വാൻസ് വാങ്ങിയതാണ്. എന്തൊക്കെ സംഭവിച്ചാലും അത് തീർത്ത് കൊടുക്കണം. എന്നിട്ടേ ആസ്പത്രിയിൽ വരൂ"

*–ശാന്താദേവി*

**"ശാന്താദേവിയെപ്പോലുള്ള ദേശീയ അവാർഡ് വരെ നേടിയ ഒരു കലാകാരിക്ക് കിട്ടുന്ന അഡ്വാൻസ് തുക ആയിരം രൂപ! അങ്ങിനെങ്കിൽ പ്രതിഫലത്തുക നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. അതും സിനിമാലോകത്തെ മായക്കാഴ്ചകൾ.'**

***ഡോ. പി.പി.വേണുഗോപാൽ***
*(ശാന്താദേവിയുടെ ഡോക്ടർ)*
*എമർജൻസി മെഡിസിൻ മേധാവി,*
*മിംസ് ആശുപത്രി, കോഴിക്കോട്*

**"രഞ്ജിത്തിന്റെ 'കേരള കഫേ' മൂന്നാം വട്ടം കണ്ടുകഴിഞ്ഞപ്പോൾ ഒരു ചോദ്യം കഴിഞ്ഞ സംസ്ഥാന അവാർഡ് കമ്മറ്റിയിലെ വനിതാ അംഗമായ ശാരദക്കുട്ടിയോട് ചോദിക്കാതിരിക്കാൻ പറ്റുന്നില്ല. സ്വന്തമായി ഡബ്ബ് ചെയ്യാത്ത, കൃത്രിമമായ അഭിനയശൈലി വച്ചു പുലർത്തിയ പാലേരി മാണിക്യത്തിലെ ശ്വേതാമേനോനു പകരം അൻവർ റഷീദിന്റെ 'ബ്രിഡ്ജിലെ' ശാന്താദേവിക്ക് മികച്ച നടിക്കുള്ള സംസ്ഥാന പുരസ്കാരം നൽകാൻ എന്നാണ് നിങ്ങൾക്കൊക്കെ ധൈര്യം കിട്ടുക?"**

***ഡോ. പി.വി. രാമചന്ദ്രൻ,***
*റേഡിയോളജി വിഭാഗം മേധാവി,*
*അമൃത ഹോസ്പിറ്റൽ, കൊച്ചി*

സിനിമയുമായുള്ള അരനൂറ്റാണ്ടിലേറെക്കാലം പിന്നിട്ട ദാമ്പത്യം ശാന്താദേവിക്ക് നൽകിയത് രോഗവും ദാരിദ്ര്യവും ഒറ്റപ്പെടലുമാണ്. 'കേരള കഫേ'യിലെ 'ബ്രിഡ്ജി'ലെ കഥാപാത്രം പോലെ ഉപേക്ഷിക്കപ്പെട്ടതിന് ശേഷം വൃദ്ധസദനത്തിലാക്കപ്പെട്ടപ്പോഴും വാങ്ങിപ്പോയ ആയിരം രൂപ അഡ്വാൻസിന് ചെയ്യേണ്ട അമ്മവേഷത്തെക്കുറിച്ചായിരുന്നു അവരുടെ ആശങ്ക.

ഡോ. പി. വി. രാമചന്ദ്രൻ വിസ്മയിച്ചത് പോലെ പത്തുമിനുട്ടിലെ അഭിനയത്തിന് മികച്ച നടിക്കുള്ള പുരസ്കാരം നൽകാൻ ധീരതയുള്ള ഒരു ജൂറി നമുക്കുണ്ടായിരുന്നെങ്കിൽ അഭിനയ ജീവിതത്തിന്റെ ആറാം പതിറ്റാണ്ടിൽ 'ബ്രിഡ്ജി'ലെ ഉപേക്ഷിക്കപ്പെട്ട അമ്മയിലൂടെ ശാന്താദേവി ഈ വർഷം അത് നേടിയേനേ. എന്നാൽ അതുണ്ടായില്ല.

മികച്ച അഭിനയത്തിനല്ല നാം സമ്മാനങ്ങളും പ്രതിഫലങ്ങളും ഒഴുക്കിക്കൊടുക്കുക. അത് നായിക എന്ന പദവിക്കാണ്. ആ പദവിയിൽ ഒരിക്കലും ജീവിക്കുവാനാവാതിരുന്നത് കൊണ്ട് പണമോ സൗഭാഗ്യങ്ങളോ ഒരിക്കലും അവരെ തേടിയെത്തിയില്ല. ശാന്താദേവിക്കെന്തിനാണ് പൈസ എന്നു ചിന്തിച്ചു നമ്മുടെ സിനിമ. അഥവാ അവർ കൂലി കൂടുതൽ ചോദിച്ചാലും കിട്ടുമായിരുന്നില്ല. അവർ സിനിമയിൽ നിന്ന് പുറത്താവുകയോ ഉണ്ടാവുമായിരുന്നുള്ളൂ. മറ്റാരുടെയോ സങ്കല്പങ്ങളുടെ ഇരകളായിരിക്കാനാണ് വെള്ളിത്തിരയിൽ കോലാടുകളുടെ വിധി. ലക്ഷങ്ങളുടെ അഡ്വാൻസ് കൊണ്ടുപോയി ചൊരിഞ്ഞിട്ടും നടക്കാത്ത പ്രോജക്ടുകളെ തട്ടിക്കളിക്കുന്ന നക്ഷത്രങ്ങൾ വിളയാടുന്ന താരാപഥത്തിൽ അമ്മക്കിളിക്കൂടുകൾ ഈ കോലാടുകൾക്കുള്ളതാണ്.

Feedback: prempchand@gmail.com

Printed and Published by M.J.Vijaya Padman for The Mathrubhumi Printing & Publishing Company Limited, Kozhikode at The Mathrubhumi M.M. Press, Cherootty Road, Kozhikode-673 001. Managing Editor: P.V.Chandran, Editor: K.K.Sreedharan Nair (Editor responsible for selection of contents under PRB Act).